# സ്നേഹം : ഒരൗഷധം

പി.എൻ. ദാസ്



ശരീരം കൊണ്ട് നമുക്ക് ശരീരത്തിനപ്പുറത്തേക്ക് പോകാനാവില്ല. ശരീരബോധത്തോടെ നാം എന്തു ചെയ്യുമ്പോഴും ശരീരവുമായി ബന്ധപ്പെട്ട, ഇന്ദ്രിയങ്ങളുമായി ബന്ധപ്പെട്ട ഒരു ബോധമനസ്സാണ് നമ്മിൽ പ്രവർത്തിക്കുക. അപ്പോൾ നമ്മുടെ ബുദ്ധിയും മനസ്സും തീർത്തും ഭൗതികമാകുന്നു; ശാരീരികപരമാകുന്നു. എന്നാൽ, ഉണർന്നിരുന്നുകൊണ്ടുതന്നെ, ശരീരത്തിൽ ഇരുന്നു കൊണ്ടുതന്നെ ശരീരത്തിനപ്പുറത്തേയ്ക്ക്, മനസ്സിന്റെ കയങ്ങളിലേയ്ക്ക്, ആത്മാവിലേയ്ക്ക് ഒരാൾക്ക് പോകാനാവും. ധ്യാനത്തിന്റെ, സ്നേഹത്തിന്റെ നൗകയിൽ കയറിയിരിക്കുക മാത്രം മതി. ശരീരചിന്തയോടെയിരിക്കുമ്പോൾ സ്നേഹം മാംസ നിബദ്ധമാകുന്നു, ശരീരവുമായി ബന്ധമുള്ളതാകുന്നു. മാംസനിബദ്ധമല്ലാത്ത സ്നേഹത്തിലേയ്ക്ക് ഒരാൾ പോകേണ്ടതുണ്ട്. അപ്പോളാണ് അയാൾ ജീവതത്തിന്റെ ദിവ്യത, വിസ്മയം അറിയുക.

ധ്യാനത്തിലാവുമ്പോൾ, ഒരാളുടെ സത്തയുടെ വിണ്ടുംവരണ്ടും കിടക്കുന്ന ഭൂമിയിൽ പതുക്കെ നനവ്, ആർദ്രത പ്രത്യക്ഷമാകുന്നു. സത്തയുടെ പ്രതലങ്ങളിൽ നനവു കിട്ടാത്തതുകൊണ്ട് മുളയ്ക്കാതെ കിടന്നിരുന്ന ഗുണബീജങ്ങൾ, മൂല്യങ്ങളുടെ വിത്തുകൾ പതുക്കെയുണരുന്നു. മെല്ലെ, മെല്ലെ ജീവിതത്തിലാദ്യമായി അവ കൺമിഴിയ്ക്കുന്നു. തന്റെ സത്തയുടെയുള്ളിൽ ഇതൊക്കെയും ഉണ്ടായിരുന്നുവോ എന്ന് അയാൾ സ്വയം വിസ്മയിക്കുന്നു. പുതിയൊരു മനസ്സോടെ സ്വന്തം ദേഹത്തെ, ദേഹിയെ, ലോകത്തെ അയാൾ കാണാൻ തുടങ്ങുന്നു. ജീവിതത്തിലാദ്യമായി അയാൾ സ്നേഹം കൊണ്ട്, നിറഞ്ഞ സ്നേഹം കൊണ്ട് പൂർണ്ണമായ സംതൃപ്തിയോടെ, തന്റെ അസ്തിത്വത്തിൽ നിന്ന് ലോകത്തിന്റെ നേരെ ഒഴുകാൻ വെമ്പുന്ന സ്നേഹനദിയെ കാണുകയാണ്. ലോക മംഗളത്തിനായി തന്നെ നൽകുവാനായി ആത്മാവ് വെമ്പുകയാണ്. തന്നിൽ പുതിയൊരു മനസ്സ് പിറക്കുന്നത് അയാൾ അറിയുകയാണ്.

'സ്നേഹത്തിന്റെ കല' യെപ്പറ്റിയെഴുതിയ എറിക്ഫ്രോം സ്നേഹത്തിന്റെ അഭാവമാണ് മനുഷ്യജീവിതം ഇന്നു നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധിയെന്ന് സൂചിപ്പിക്കുന്നുണ്ട്. ഭൂമിയിലിന്നു പുലരുന്ന ഓരോ ആത്മാവും സ്നേഹത്തിനു വേണ്ടി കേഴുകയാണ്, പൂർണ്ണമായി ഇരുട്ടിൽ ഒരു തുള്ളി വെളിച്ചത്തിനു വേണ്ടി കേഴുന്നവരെപ്പോലെ ഇന്നു ജീവിയ്ക്കുന്ന ഓരോ മനുഷ്യനും ശമിയ്ക്കാത്ത ദാഹവുമായി, പിറന്ന്, പൊറുത്ത് മണ്ണടിയുകയാണ്. സ്നേഹത്തിന്റെ ജലം വേണ്ടത്ര കുടിച്ചു ദാഹം തീർത്ത ഒരൊറ്റ മുഖംപോലും ഇന്നു ഭൂമിയിൽ കാണാനാവില്ല.

ശമിയ്ക്കാത്ത ദാഹവുമായി ഉഴറിയലയുന്ന ഒരു യാത്രികന് തരിശു ഭൂമിയിലെ വീടുകളിൽ നിന്ന് ഒരു തുള്ളി വെള്ളം പോലും കിട്ടുന്നില്ല. ഒടുവിൽ, ഏതോ ഒരു വീട്ടിൽ നിന്ന് ഒരാൾ ഈ യാത്രികന് അവിടെയുണ്ടായിരുന്ന അല്പം വെള്ളം, അര ഔൺസ് വെള്ളം അലിവോടെ വെച്ച് നീട്ടുന്നു. 'ഇവിടെ ഇതേ ഉള്ളൂ' എന്ന് പറയുന്നു. അയാൾ ആ ജലം, ഓരോ കണികകളെയും നാവുകൊണ്ടും തൊണ്ട കൊണ്ടും ഓരോ സെല്ലുകൾകൊണ്ടും അറിഞ്ഞ് നുണയുന്നു. യഥാർത്ഥത്തിൽ, അയാളുടെ ദാഹം തീർക്കാൻ ലിറ്റർ കണക്കിൽ ജലം വേണ്ടതുണ്ട്. അളവറ്റ ജലം വേണ്ടതുണ്ട്. നാം, ഭൂമിയിൽ മനുഷ്യരാശി ശരിയായ സ്നേഹത്തിന്റെ ഈ ദാഹജലം കിട്ടാതെ, അതു തേടി ത്തേടി, അതു അടുത്ത നിമിഷത്തിൽ കിട്ടിയേക്കാം എന്ന പ്രത്യാശയോടെ നടന്ന് നടന്ന് നടന്ന് കുഴഞ്ഞു വീണ് അവസാനിയ്ക്കുകയാണ്. മനുഷ്യരാശിയുടെ ശോകകഥ ഇവിടെ അവസാനിയ്ക്കുകയാണ്.

ണ്ട്

'വെളിച്ചത്തിന്റെ കരംകൊണ്ട്, വെളിച്ചത്തിന്റെ താളിൽ എഴുതുന്ന വെളിച്ചത്തിന്റെ വാക്ക് .....' അതത്രേ സ്നേഹം, അഥവാ ധ്യാനം. ജിബ്രാൻ പറയുന്നു.

പൂർണ്ണമായ മൗനത്തിൽ നിന്ന്, പരിപൂർണ്ണമായ നിശ്ചലതയിൽ നിന്ന്, നമ്മുടെ ഉപബോധത്തിന്റെ അഗാധതയിൽ നിന്ന് സ്നേഹത്തിന്റെ ഉറവയെ ഉണർത്തണം. അതിനുള്ള ഏകമാർഗം ധ്യാനം ഒന്ന് മാത്രമാണെന്ന് ഗൗതമ ബുദ്ധൻ മുതൽ ജെ. കൃഷ്ണമൂർത്തി വരെയുള്ള മഹാമനസ്സുകൾ പറയുന്നു.

ധ്യാനത്തിലേയ്ക്ക് കുറുക്കുവഴികളില്ല. ധ്യാനത്തിലെത്താൻ ഒരാൾ ആദ്യമായി ആരുമല്ലാത്തവനാകണം; ആരുമില്ലാത്തവനാകണം, ഒന്നുമല്ലാത്തവനാകണം, ഒന്നുമില്ലാത്തവനാകണം. പരമമായ വിശ്രാന്തിയിലേയ്ക്കുള്ള, മൗനത്തിലേയ്ക്കുള്ള, സ്നേഹത്തിലേയ്ക്കുള്ള പടവുകളാണിവ.

ആരുമല്ലാത്തവനായാണ് ഒരാൾ



പിറക്കുന്നത്. ആരുമല്ലാത്തവനായി അയാൾ മരിയ്ക്കുന്നു. ഒന്നുമില്ലാത്തവനായി ഒരാൾ പിറക്കുകയും മരിയ്ക്കുകയും ചെയ്യുന്നു. അതിനിടക്ക് ജീവിച്ചിരിക്കുന്ന ഏതാനും വർഷങ്ങൾ അയാൾ സ്വയം ആരോ ആകാൻ ശ്രമിയ്ക്കുന്നു, എന്തൊക്കെയോ വാരിക്കൂട്ടാൻ ശ്രമിയ്ക്കുന്നു. ഇതിനുവേണ്ടിയുള്ള അതിഭയങ്കരമായ വെപ്രാളത്തിൽ, പോരാട്ടത്തിൽ, ഭ്രാന്തമായ പരക്കം പാച്ചിലിൽ, സംഘർഷത്തിൽ, രോഗത്തിൽ, വിഭജനത്തിൽ, ഹിംസയിൽ അല്പം വിവേകത്തോടെ, ഒരു സാക്ഷിയായി മാറിനിന്ന് നോക്കുന്ന ആർക്കും ശോകമുണർത്തുന്ന തരത്തിൽ മനുഷ്യന്റെ കഥയവസാനിക്കുന്നു.

ദൈവം തന്നെ നടത്തുന്ന ഒരു കടയെപ്പറ്റി ഒരു ധ്യാനഗുരു പറഞ്ഞ കഥയുണ്ട്. അവിടെ ഒരു സ്ത്രീ സാധനങ്ങൾ വാങ്ങാനെത്തി. ദൈവം ചോദിച്ചു : 'മകളെ, നിനക്ക് എന്താണ് വേണ്ടത്'? 'എനിയ്ക്ക് സൗന്ദര്യവും ആരോഗ്യവും ധനവും വേണം ....' അവൾ പറഞ്ഞു.

ദൈവം പറഞ്ഞു : 'മകളെ, ഇവയൊന്നും റെഡിമെയ്ഡായി ഇവിടെ വിൽക്കുന്നില്ല. ഇതൊക്കെ കായ്ക്കുന്നതിനുള്ള വിത്തുകൾ ഇവിടെ കിട്ടും. സ്നേഹമെന്നാണ് അതിന്റെ പേര്. അത് നിന്റെ ഹൃദയത്തിന്റെ ആഴത്തിൽ ശ്രദ്ധയുടെ തണലിൽ, മൗനത്തിന്റെ ജലം തൂകി വളർത്തുക. അത് വലുതാകുമ്പോൾ പൂവിടും, കായ്ക്കും. അപ്പോൾ നീ ആഗ്രഹിക്കുന്നതൊക്കെ നിനക്കുണ്ടാകും!...."

---


വൈദ്യശസ്ത്രം, എലത്തൂർ,
കോഴിക്കോട്-673 303





**കൃഷി • ആരോഗ്യം • പരിസ്ഥിതി • മനുഷ്യാവകാശം • സ്ത്രീ-ദളിത് നീതി • ഉപഭോക്തൃസംരക്ഷണം**

**വാർത്താവിശകലനം • കുറിപ്പുകൾ • വാർത്തകൾ**

കേരളം വരിസംഖ്യ നിരക്ക് : ട്രസ്റ്റ് അംഗത്വം - 5000 രൂപ, ആജീവനാന്തം - 1500 രൂപ, 5 വർഷത്തേക്ക് - 500 രൂപ, 12 ലക്കത്തിന് 120 രൂപ

**വാർത്തകൾക്കുള്ളിലെ സത്യാന്വേഷണം – ആറാം വർഷത്തിലേക്ക്**

M.O./D.D. അയക്കേണ്ട വിലാസം:

കേരളീയം

**തൃശൂർ-21. ഫോൺ: 0487-2421385**

**പാരിസ്ഥിതിക വിവേകത്തിനായി ഒരു മുഖകണ്ണാടി**

കലവറ ഒരു പ്രകൃതിസൗഹൃദ ജൈവോല്പന്നശാലയാണ്.
മരക്കളിപ്പാട്ടങ്ങൾ, കൗതുകവസ്തുക്കൾ, മുളയിലും മരത്തിലും ചിരട്ടയിലും മണ്ണിലുമായി നിർമ്മിച്ച നിത്യോപയോഗസാധനങ്ങൾ, രാസവള-കീടനാശിനി വിമുക്തമായ ഭക്ഷ്യവസ്തുക്കൾ, വനവിഭവങ്ങൾ, പാരമ്പര്യ കരകൗശല സാമഗ്രികൾ തുടങ്ങിയവ ഇവിടെനിന്ന് ലഭിക്കും.
അധിനിവേശ ഉല്പന്നങ്ങളുടെ കുത്തൊഴുക്കിൽ നാമാവശേഷമായിക്കൊണ്ടിരിക്കുന്ന നാട്ടുവിപണിയെ പുനരുജ്ജീവിപ്പിക്കുന്നതോടൊപ്പം വിഷമുക്തവും പരിസ്ഥിതി സൗഹൃദപരവുമായ സുസ്ഥിരതയുടെ ഒരു കമ്പോള സംസ്കാരം സൃഷ്ടിക്കുവാനാണ് കലവറ ലക്ഷ്യമിടുന്നത്.
കേരളീയം ട്രസ്റ്റാണ് കലവറയുടെ സംഘാടകർ.
നിങ്ങൾക്കും കലവറയോടൊപ്പം പങ്കുചേരാം:
ഉല്പാദകനായി, വിതരണക്കാരനായി, ഉപഭോക്താവായി.....

**ആരോഗ്യപ്രദമായ ഒരു വിഷവിമുക്ത ലോകത്തിന് ആശംസകളോടെ**

**സ്വദേശി ഉല്പന്നങ്ങൾക്ക്**

കേരളീയം
കലവറ
ഗ്രീൻ ചാനൽ & ഇക്കോഷോപ്പ്

C/o. കേരളീയം
മുനിസിപ്പൽ മാർക്കറ്റ് ബിൽഡിങ്ങ്, കൊക്കാലെ,
**തൃശൂർ-21.**
ഫോൺ : 0487-2421385,
E-mail : keraleeyamtcr@rediffmail.com